**EXTRACT OF THE MINUTES OF THE BOARD MEETING HELD ON 19.07.2019**

**ഇനം.5. കംപ്യൂട്ടർ വിഭാഗം -വർക്കിംഗ് വിമൻസ് ഹോസ്റ്റൽ/ ഇന്നൊവേറ്റീവ് പദ്ധതികൾ എന്നിവയ്ക്കായി തയ്യാറാക്കിയ മൊബൈൽ ആപ്ലിക്കേഷൻ നടപ്പിലാക്കുന്നത്- സംബന്ധിച്ച്**

കുറിപ്പ് പരിഗണിച്ചു. ചുവടെ ചേർക്കുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു.

1. ഇന്നൊവേറ്റീവ്(അത്താണി)ഭവനപദ്ധതി, വർക്കിംഗ് വിമൻസ് ഹോസ്റ്റൽ എന്നിവയ്ക്കായി IT മിഷൻ നിർമ്മിച്ചു നൽകുന്ന മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗിക്കുന്നതിനോടനുബന്ധിച്ച് വർക്കിംഗ് വിമൻസ് ഹോസ്റ്റലുകളുടെ ആർട്ടിക്കിൾസ് ഓഫ് മാനേജ്മെന്റ് ഭേദഗതി ചെയ്യുവാൻ തീരുമാനിച്ചു.

2. ഓൺലൈൻ പേയ്മെന്റ് നടത്തുന്നതിനായി SBIയുടെ പേയ്മെന്റ് Gateway ഇന്റഗ്രേറ്റ് ചെയ്യുവാൻ തീരുമാനിച്ചു.

3. Standarization Testing and Quality Certification(STQC) ടെസ്റ്റിംഗിനു ആവശ്യമായ ചെലവുകൾ 22.04.2019ലെ ഇലക്ട്രോണിക്സ് & ഇൻഫർമേഷൻ ടെക്നോളജി വകുപ്പ് G.O (MS) No. 8/2019/ITD ഉത്തരവ് പ്രകാരമുള്ള മാർഗനിർദ്ദേശങ്ങൾ അനുസരിച്ചുകൊണ്ട് ബോർഡ് വഹിക്കുവാൻ തീരുമാനിച്ചു.

4. IT മിഷൻ വഴിയുള്ള SMS പാക്കേജ് എടുക്കുവാൻ തീരുമാനിച്ചു.

5. ബോർഡിന്റെ ഹോസ്റ്റലുകൾ, അത്താണി ഭവന പദ്ധതി എന്നിവയുടെ അപേക്ഷാഫീസ് ഏകീകരിക്കുവാൻ തീരുമാനിച്ചു.

6. അത്താണി ഭവന പദ്ധതിയിൽ ഓൺലൈൻ പേയ്മെന്റ് സംവിധാനം ഏർപ്പെടുത്തുന്നതിനായി ഹെഡാഫീസിൽ ഒരു പ്രത്യേക അക്കൗണ്ട് തുടങ്ങുന്നതിന് അനുമതി നൽകുവാൻ തീരുമാനിച്ചു.

7. ഹോസ്റ്റൽ വാടക ഓൺലൈൻ വഴി അടയ്ക്കുന്നതിനായി ഹെഡാഫീസ് തലത്തിൽ ഒരു അക്കൗണ്ട് തുടങ്ങുന്നതിന് അനുമതി നൽകുവാൻ തീരുമാനിച്ചു.

8. ആദ്യഘട്ടത്തിൽ മൊബൈൽ ആപ്ലിക്കേഷൻ, സോഫ്റ്റുവെയർ എന്നിവ മുട്ടം WWH, തിരുവനന്തപുരത്തുള്ള ഇന്നൊവേറ്റീവ് ഭവന പദ്ധതി എന്നിവിടങ്ങളിൽ ഒരു മാസം പരീക്ഷണാടിസ്ഥാനത്തിൽ നടത്തുവാൻ തീരുമാനിച്ചു.

9. കട്ടപ്പന, ഇടപ്പള്ളി എന്നിവിടങ്ങളിലെ വർക്കിംഗ് വിമൻസ് ഹോസ്റ്റലുകളുടെ പ്രവർത്തനം **സെപ്റ്റംബർ 1** മുതൽ

ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് നിർദ്ദേശം നൽകുവാൻ തീരുമാനിച്ചു.

10. ഇടപ്പള്ളി വർക്കിംഗ് വിമൻസ് ഹോസ്റ്റലിന്റെ മാനേജിംഗ് കമ്മിറ്റി യോഗം **ആഗസ്റ്റ് 9 ന്** കൂടുവാൻ തീരുമാനിച്ചു.

തുടർനടപടികൾക്കായി ചീഫ് എഞ്ചിനീയർ(i/c)യെ ചുമതലപ്പെടുത്തി.

(ഒപ്പ്)
ചെയർമാൻ

/ ശരിപ്പകർപ്പ് /
(ഒപ്പ്)
ഡെപ്യൂട്ടി സെക്രട്ടറി
(ബോർഡ് & കോൺഫിഡൻഷ്യൽ വിഭാഗം)